വരുന്നതും ഈ കേസിലെ രണ്ട് മുതൽ അഞ്ച് വരെ പ്രതികളെ അറസ്റ്റ് ചെയ്യേണ്ടതായും, എഫ്. എസ്. എൽ. റിപ്പോർട്ട്, സീൻ പ്ലാൻ എന്നിവ കിട്ടേണ്ട തായുമുണ്ട്.

(ബി) ടി കേസിൽ കൊല കൃത്യം ചെയ്ത 5 പ്രതികളും ടിയാൻമാരെ ഒളിവിൽ പോകുന്നതിന് പ്രേരണ നൽകിയ രണ്ടു പ്രതികളും ഉൾപ്പെടെ ഏഴ് പ്രതികൾ ഉണ്ട്. ഇതിൽ ഒന്നാം പ്രതിയായ ഷാജു 8-4-2004-ൽ അംബാസമുദ്രം ജ്യുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുൻപാകെ കീഴടങ്ങുകയും 9-4-2004-ൽ ട്രാൻസിസ്റ്റ് വാറണ്ട് പ്രകാരം അംബാസമുദ്രം ജയിലിൽനിന്നും ഏറ്റുവാങ്ങി ആറ്റിങ്ങൽ ജ്യുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി രണ്ട് മുൻപാകെ ഹാജരാക്കിയിട്ടുള്ളതും പ്രതിയെ റിമാന്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിട്ടുള്ളതും ഒളിവിൽ പോകാൻ പ്രേരണ നൽകിയ പ്രതികളായ സുനിൽ കുമാർ, ഷൈജു എന്നിവരേയും അറസ്റ്റ് ചെയ്തിട്ടുള്ളതാകുന്നു.

(സി) ക്രൈം ബ്രാഞ്ച് അന്വേഷണത്തിനായി പ്രസ്തുത കേസ് (കേസ് നം. 429/03) കൈമാറുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പി. വി. മുഹമ്മദിനെ കൊലപ്പെടുത്തിയ കേസിലെ പ്രതികൾ

29 [834] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ പുന്നാട് ജൂൺ 7-ാം തീയതി പുലർച്ചെ പി. വി. മുഹമ്മദിനെ കൊലപ്പെടുത്തിയ കേസിൽ ആരെല്ലാ മാണ് പ്രതികളെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രതികളിൽ എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) പ്രതികളുടെ രാഷ്ട്രീയ സ്വഭാവം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 26 പ്രതികളെ കണ്ടെത്തിയിട്ടുണ്ട്.

(1) എം. ചന്ദ്രൻ, (2) രത്നാകരൻ, (3) ഷൈജു, (4) പ്രദീപൻ, (5) ബിജു, (6) ബാബു, (7) പത്മനാഭൻ, (8) വിനീഷ്, (9) ഷൈജു ഉണ്ണി, (10) പ്രദീപൻ, (11) ഹരിഹരൻ, (12) ദിനേശൻ, (13) രജു, (14) സതീശൻ, (15) പ്രദീപൻ, (16) മോഹനൻ, (17) മനോജ്, (18) മഹേഷ്, (19) പ്രസാദ്, (20) അനീഷ്, (21) മനോജ് എന്ന മനു, (22) രാജൻ, (23) ഹരീന്ദ്രൻ, (24) ദിനേശൻ, (25) വത്സൻ തില്ലങ്കേരി, (26) ശങ്കരൻ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 7 പ്രതികളെ അറസ്റ്റ് ചെയ്തു. 8 പ്രതികൾ നേരിട്ട് കോടതിയിൽ ഹാജരായിട്ടുണ്ട്.

(സി) പ്രതികൾ ആർ. എസ്. എസ്. പ്രവർത്തകരാണെന്ന് തെളിഞ്ഞിട്ടുണ്ട്.

കായണ്ണ കൂട്ടപ്പാറക്കൊല്ലി രാജീവന്റെ ദുരൂഹ മരണത്തെക്കുറിച്ച് അന്വേഷണം

30 [835] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മാർച്ച് 26-ന് കായണ്ണ പഞ്ചായത്തിലെ കൂട്ടപ്പാറക്കൊല്ലി രാജീവൻ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞത് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ബി) കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടം വരെയെത്തി എന്ന് അറിയിക്കാമോ;

(സി) ഇത് സംബന്ധമായി ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കേസന്വേഷണം തൃപ്തികരമല്ലായെന്ന് ചൂണ്ടിക്കാട്ടി ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രക്ഷോഭം നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) രാജീവന്റെ മരണത്തിൽ ജനങ്ങളുടെ സംശയത്തിന് പരിഹാരമുണ്ടാക്കാനും മരണകാരണം വ്യക്തമാക്കാനും കേസന്വേഷണം ത്വരിതപ്പെടുത്താനും എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതോടനുബന്ധിച്ച് പേരാമ്പ്ര പോലീസ് സ്റ്റേഷൻ ക്രൈം നം. 110/04 'അൺനാച്വറൽ ഡെത്ത്' ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) കേസ് അന്വേഷണാവസ്ഥയിലാണ്. ഇതുവരെ 20-ഓളം സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ വീഴ്ചയിലുണ്ടായ ആഘാതത്തിൽ ഉണ്ടായ ഹൃദയസ്തംഭനമാണ് മരണകാരണം എന്ന് വെളിവായിട്ടുണ്ട്.

(സി) ആരേയും അറസ്റ്റ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly